# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:544 09.07.2012 - ൽ മറുപടിക്ക്

## സ്കൂളുകളിൽ ജലശ്രീ ക്ലബ്ബുകൾ

**ചോദ്യം**

ശ്രീ. ചിറ്റയം ഗോപകുമാർ
ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. വി. ശശി

**മറുപടി**

പി ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ജലശ്രീ ക്ലബ്ബുകൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; ഈ ക്ലബ്ബുകളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(എ) സംസ്ഥാനത്ത് സ്കൂളുകളിൽ ജലശ്രീ ക്ലബ്ബുകൾ കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡവലപ്പ്മെന്റ് യൂണിറ്റിന്റെ കീഴിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്. താഴെപറയുന്ന ഉദ്ദേശലക്ഷ്യങ്ങൾ ആണ് ജലശ്രീ ക്ലബ്ബിന്റെ ഭാഗമായി വിഭാവനം ചെയ്തിരിക്കുന്നത്.

1. സംസ്ഥാനത്ത് സ്കൂൾ, കോളേജ് വിദ്യാർത്ഥികളിൽ ജലത്തിന്റെ വിനിയോഗം, സംരക്ഷണം, സംഭരണം എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുക.
2. വിദ്യാർത്ഥികളിലൂടെ സമൂഹത്തിനു ജലസംരക്ഷണ ആവശ്യകതയും, പ്രസക്തിയും പ്രചരിപ്പിക്കുക.
3. ഘട്ടം ഘട്ടമായി സ്കൂൾ, കോളേജ് കാമ്പസുകൾ ജല പരിസ്ഥിതി സൗഹൃദ കാമ്പസുകളായി മാറ്റുക.
4. ഇതിന്റെ ഭാഗമായി കലാലയങ്ങളിൽ ജലസമൃദ്ധിയും ജല ശുദ്ധിയും ഉറപ്പാക്കുക. മഴവെള്ള സംഭരണം, ഭൂജലപരിപോഷണം ജലഗുണനിലവാര പരിശോധന എന്നിവ നടപ്പാക്കും.

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഏതെല്ലാം വകുപ്പുകളുടെ സഹകരണം തേടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ജലവിഭവ വകുപ്പാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. വിദ്യാഭ്യാസ വകുപ്പ് മറ്റ് ബന്ധപ്പെട്ട വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

.................2

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തെങ്കിലും സഹായങ്ങൾ ലഭിക്കാൻ സാദ്ധ്യതയുണ്ടോ; ഉണ്ടെങ്കിൽ എന്തുമാത്രം സഹായം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ? | (സി) | നിലവിൽ പ്രത്യേകിച്ച് കേന്ദ്ര സഹായമൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ